ഉത്തരം

(എ) 59.40 കോടി രൂപ മുടക്കി ബെൻസൈൻ ഉൽപ്പാദിപ്പിക്കാനുള്ള ഒരു പ്രോജക്ട് തുടങ്ങാൻ കൊച്ചി എണ്ണശുദ്ധീകരണശാലയ്ക്ക് ഓഗസ്റ്റ് 1984—ൽ അനുമതി ലഭിച്ചു.

(ബി) കൊച്ചി എണ്ണശുദ്ധീകരണശാലയിൽനിന്നു ലഭിച്ച വിവരമനുസരിച്ച്

1. പ്രോസസ് ഡിസൈൻ (Process design) തയ്യാറാക്കിക്കഴിഞ്ഞു.

2. ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് (detailed engineering) 22% പൂർത്തിയായി.

3. പ്രധാനപ്പെട്ട മെഷീനറിക്കുള്ള കൊട്ടേഷനുകൾ ലഭിച്ചു; അവയുടെ ഇവാല്യൂവേഷൻ (evaluation) പൂർത്തിയായി.

4. കെട്ടിടനിർമ്മാണത്തിനും ബന്ധപ്പെട്ട ജോലിക്കുമുള്ള ടെൻഡറുകൾ ലഭിച്ചുകഴിഞ്ഞു.

(സി) അല്ല.

(ഡി) പ്രോജക്ടിന്റെ സാമ്പത്തികമായ പ്രയോഗക്ഷമത (viability) പുനരവലോകനം ചെയ്യുന്നതുവരെ പ്രവർത്തനങ്ങൾ തൽക്കാലം നിറുത്തിവയ്ക്കാൻ കൊച്ചി എണ്ണശുദ്ധീകരണശാലയ്ക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്.

(ഇ) ഈ പ്രോജക്ടിനുള്ള അനുമതി കൊച്ചി എണ്ണശുദ്ധീകരണശാലയ്ക്ക് ലഭിക്കാൻ ഈ ഗവൺമെന്റ് കേന്ദ്രത്തിൽ വളരെയധികം സമ്മർദ്ദം ചെലുത്തുകയുണ്ടായി. പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ തൽക്കാലം നിറുത്തിവയ്ക്കാനുള്ള നിർദ്ദേശം ലഭിച്ചു എന്നറിഞ്ഞ ഉടനെ ആ തീരുമാനം പുനഃപരിശോധിക്കണമെന്നും പ്രവർത്തനങ്ങൾ തുടർന്നു നടത്താൻ അനുവദിക്കണമെന്നും മുഖ്യമന്ത്രിയും, വ്യവസായമന്ത്രിയും കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചു. ഈ കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി 10-6-1986-ൽ മുഖ്യമന്ത്രിക്കയച്ച എഴുത്തിൽ അറിയിച്ചിട്ടുണ്ട്.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ വ്യവസായശാല തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

631 [199] ശ്രീ. ബെന്നി ബഹനാൻ:
,, തോപ്പിൽ രവി:
,, എം. എം. ഹസ്സൻ:
,, കെ. മുഹമ്മദാലി:
,, എ. സി. ജോസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ഏതെങ്കിലും വ്യവസായശാല തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വ്യവസായശാലകൾ എന്നും എവിടെയെല്ലാമെന്നും വെളിപ്പെടുത്താമോ;

(സി) കേന്ദ്ര ഗവൺമെൻറിൻെറ സഹായത്തോടെ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(ഡി) ഓരോന്നിലും സംസ്ഥാന സർക്കാർ ഇതുവരെ എന്തു തുക വീതം മുടക്കി;

(ഇ) എല്ലാ പൊതുമേഖലാ വ്യവസായസ്ഥാപനങ്ങൾക്കുമായി ഈ സർക്കാർ ഇതുവരെ ചെലവിട്ട സംഖ്യ എത്ര;

(എഫ്) 1986–87–ൽ ചെലവിടാനുദ്ദേശിക്കുന്ന സംഖ്യ എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവൺമെൻറിൻെറ ഉടമസ്ഥതയിൽ തുടങ്ങിയ 15 വൻകിട ഇടത്തരം വ്യവസായങ്ങളുടെ പേരും സ്ഥലവും ചുവടെ ചേർക്കുന്നു.

1. ആസ്പിരിൻ പ്രോജക്ട്, കഴക്കൂട്ടം, തിരുവനന്തപുരം.
2. ഫൗണ്ടറി പ്രോജക്ട്, കുണ്ടറ, കൊല്ലം.
3. കേരള സോപ്സ് ആൻറ് ഓയിൽസിൻെറ വനസ്പതി പ്ലാൻറ്, കോഴിക്കോട്.
4. കെൽട്രോൺ കൺട്രോൾസ്, അരൂർ, ആലപ്പുഴ.
5. സിഡ്കൽ ടി. വി. യൂണിറ്റ്, മഞ്ചേരി.
6. പി. സി. ബി. യൂണിറ്റ്, കുളത്തൂർ, തിരുവനന്തപുരം.
7. കെലാസ്ട്രിക് ടേപ്സ് ലിമിറ്റഡ്, പാപ്പനംകോട്, തിരുവനന്തപുരം.
8. എടരിക്കോട് ടെക്സ്റ്റയിൽസ്, തിരൂർ, മലപ്പുറം.
9. ഇലക്ട്രോണിക്സ് വാച്ച് യൂണിറ്റ്, വയനാട്.
10. കേരള ടെക്സ്റ്റയിൽസ്, ഉടുമ, ഹോസ്ദുർഗ്ഗ്, കാസർകോട്.
11. ഷിപ് ബ്രേക്കിംഗ് യൂണിറ്റ്, അഴീക്കൽ.
12. ആട്ടോകാസ്റ്റ് ലിമിറ്റഡ്, ചേർത്തല.
13. സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, തൃശ്ശൂർ.
14. കേരള ക്ലേയ്സ് ആൻഡ് സിറാമിക്സ് ലിമിറ്റഡ്, പാപ്പിനിശ്ശേരി, കണ്ണൂർ.
15. എൽ.പി.ജി. സിലിണ്ടർ പ്രോജക്ട് (കെ. ഇ. എൽ), മാമല, എറണാകുളം.

(സി) മേൽപ്പറഞ്ഞ വ്യവസായങ്ങൾ സംസ്ഥാന മേഖലയിൽ ആയതുകൊണ്ട് കേന്ദ്ര ഗവൺമെൻറിൻെറ സാമ്പത്തിക സഹായത്തിൻെറ ചോദ്യം ഉദിക്കുന്നില്ല.

(ഡി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഇ) മൂലധനവും വായ്പയുമായി 77.92 കോടി രൂപ.

(എഫ്) മൂലധനവും വായ്പയുമായി 23.32 കോടി രൂപ.

LIBRARY ARCHIVES Kerala Legislative Assembly